<u>പത്ര ക്കുറിപ്പ്</u>

## മണ്ഡല മകര വിളക്ക് മഹോത്സവം- പരിശോധനകൾ ശക്തമാക്കി ഭക്ഷ്യ സുരക്ഷാ വകുപ്പ്

2021-22 ലെ മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഭക്തജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് വിപുലമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് . ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യക പരിശോധനനകൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

തിർഥാടകർ കൂടുതലായി എത്തുന്ന പ്രത്യേക കേന്ദ്രങ്ങളായ നിലയ്ക്കൽ, എരുമേലി, ളാഹ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ഹോട്ടലുകൾ, തട്ടുകടകൾ, ബേക്കറികൾ, ചിപ്സ് സ്റ്റാളുകൾ, നിർമാണ യൂണിറ്റുകൾ തുടങ്ങി എല്ലാ ഭക്ഷ്യശാലകളിലും പരിശോധനകൾ നടന്നുവരുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ കുമളി, പീരുമേട്, പരുന്തുംപാറ തുടങ്ങിയ പ്രദേശങ്ങളിൽ വിവിധ കടകളിൽ നടത്തിയ പരിശോധനകളിൽ നോട്ടീസ് നൽകുകയും ഭക്ഷ്യ സുരക്ഷ ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ പ്രവർത്തിക്കുന്ന കടകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു. വൃത്തിഹീനമായി പ്രവർത്തിക്കുന്നു എന്ന് പരിശോധനയിൽ കണ്ടെത്തിയ കുമളിയിലെ **ബെറ്റർ ബക്കറി**ക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയുണ്ടായി. കാലാവധി കഴിഞ്ഞ പാക്കറ്റ് പാൽ വിലപ്പനക്കായി വച്ചതും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. പല ഭക്ഷ്യ വസ്തുക്കളും തുറന്നു വെച്ച അവസ്ഥയിലായിരുന്നു. കുമളിയിലെ ചിപ്സ് വില്പന നടത്തുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും പ്രത്യേക പരിശോധനകൾ നടത്തുകയുണ്ടായി. ചിപ്സിന്റെ ഗുണനിലവാരം സംബന്ധിച്ച് സംശയത്തിന്റെ അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ചിപ്സ് തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്ന വെളിച്ചെണ്ണയിൽ മായം ചേർക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനായി സാമ്പിളുകൾ ശേഖരിക്കുകയും, പത്തനംതിട്ടയിലെ ഫുഡ് ടെസ്റ്റിംഗ് ലാബിലേക്ക് അയക്കുകയും ചെയ്തു.

പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങൾ കേന്ദ്രീകരിച്ചു പ്രത്യേക പരിശോധനകളും നടന്നു വരുന്നു. നിലയ്ക്കലിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സഞ്ചരിക്കുന്ന ലബോറട്ടറി - Mobile Food Testing Lab ഉം പ്രവർത്തിച്ചു വരുന്നു. ഭക്ത ജനങ്ങൾക്ക് നൽകുന്ന കുടിവെള്ളം പരിശോധിക്കുന്നതിനുവേണ്ടി Mobile Food Testing Lab ന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ദേവസ്വം ബോർഡ് അന്നദാനം നടത്തുന്ന നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന അസംസ്കൃത പദാർഥങ്ങൾ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ ശേഖരിച്ച് പത്തനംതിട്ട ജില്ലാ ലാബിൽ പരിശോധനക്കായി നൽകിയിട്ടുണ്ട്.

ശബരിമല മണ്ഡലകാലം പ്രമാണിച്ച് താല്കാലികമായി പ്രവർത്തിക്കുന്ന എല്ലാ ഭക്ഷ്യോൽപാദന വിതരണ കേന്ദ്രങ്ങൾക്കും ഹോട്ടലുകൾ/ തട്ടുകടകൾ / റെസ്റ്റാറന്റുകൾ എന്നിവയ്ക്കും ഭക്ഷ്യ സുരക്ഷാ ലൈസൻസ് / രെജിസ്ട്രേഷൻ നിർബന്ധമാണ്.

വരും ദിവസങ്ങളിൽ ഭക്ഷ്യ സുരക്ഷാ, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി വകുപ്പുകളുടെ സംയുക്ത പരിശോധനകൾ ഉണ്ടാവുമെന്നും ഭക്ഷ്യ സുരക്ഷാ വകുപ്പ് അറിയിച്ചു.

ഭക്ത ജനങ്ങൾക്ക് ശബരിമലയിൽ ലഭ്യമാവുന്ന ഭക്ഷണ സാധനങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന 08592999666 എന്ന ടോൾ ഫ്രീ നമ്പറിലും, ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ 1800 425 1125 ലും പരാതികൾ നൽകാവുന്നതാണ്.

20.11.2021

ഭക്ഷ്യസുരക്ഷാ കമ്മീഷണർ

V.R. VINOD. IAS
Commissioner of Food Safety
Kerala, Thiruvananthapuram